## പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 888 — 25.01.2018-ന് മറുപടിയ്ക്ക്

### വനഭൂമി കയ്യേറ്റം

| ചോദ്യം<br>ശ്രീ. അബ്ദുൽ ഹമീദ്.പി | | മറുപടി<br>ശ്രീ. കെ. രാജു<br>(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കൈയ്യേറിയ വനഭൂമി തിരിച്ചു പിടിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടം വരെയായെന്ന് വ്യക്തമാക്കാമോ; | (എ) | ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 04.09.15 ലെ ഒ.പി. നമ്പർ 18467/2002, 1947/2003 കേസുകളിലെ വിധി പ്രകാരം നോട്ടീസ് നൽകുന്നതിനായി വനംകൈയ്യേറ്റക്കാരുടെ ലിസ്റ്റ് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്. കൂടാതെ ഏതാനും വനം കൈയ്യേറ്റ സ്ഥലങ്ങളിൽ വനം വകുപ്പ് നേരിട്ടും കൈയ്യേറ്റക്കാർക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. പുതിയ കൈയ്യേറ്റങ്ങൾ യഥാസമയം കണ്ടെത്തി ഒഴിപ്പിച്ച് സ്ഥലം സർക്കാർ കസ്റ്റഡിയിലെടുത്ത് കേസ് രജിസ്റ്റർ ചെയ്ത് തുടർ നിയമനടപടികൾ സ്വീകരിച്ചുവരുന്നു.<br><br>ബഹു. ഹൈക്കോടതിവിധി പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നോട്ടീസ് നൽകുന്നതിനും, കയ്യേറ്റം ഒഴിപ്പിക്കൽ നടപടികൾ പൂർത്തിയാക്കി ബഹു. കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കുന്നതിനും അധിക സമയവും നോട്ടീസ് നൽകുന്ന കാര്യത്തിൽ വ്യക്തതയും ആവശ്യപ്പെട്ടുകൊണ്ട് സർക്കാർ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. അതിന്മേൽ അന്തിമ ഉത്തരവ് ആയിട്ടില്ല. |
| (ബി) | നിലവിൽ എത്ര ഏക്കർ വനഭൂമി വീണ്ടെടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; | (ബി) | നിലവിൽ 866.8997 ഹെക്ടർ വനഭൂമി വീണ്ടെടുത്തിട്ടുണ്ട്. |
| (സി) | കൈയ്യേറപ്പെട്ട വനഭൂമി സംബന്ധിച്ച കണക്കുകൾ സർക്കാറിന്റെ പക്കലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ; | (സി) | ഉണ്ട്.<br><br>വനം വകുപ്പ് 2015-16 സാമ്പത്തിക വർഷം വരെ നടത്തിയ കണക്കെടുപ്പനുസരിച്ച് 19276.5181 ഏക്കർ (7801.10 ഹെക്ടർ) വനഭൂമി കയ്യേറിയെന്നാണ് കണ്ടെത്തിയിട്ടുള്ളത്. ജില്ല തിരിച്ചുള്ള വിശദവിവരം ചുവടെ ചേർക്കുന്നു. |

| ജില്ല | വനം സർക്കിൾ | വനം ഡിവിഷൻ | അനധികൃത വനം കയ്യേറ്റം (ഹെക്ടറിൽ) | (ഏക്കറിൽ) |
|---|---|---|---|---|
| തിരുവനന്തപുരം | സതേൺ സർക്കിൾ | തിരുവനന്തപുരം | 0 | 0 |
| പത്തനംതിട്ട | | കോന്നി | 10.59 | 26.16789 |
| കൊല്ലം | | റാന്നി | 1.13 | 2.79223 |
| | | തെന്മല | 7.24 | 17.89004 |
| | | **ആകെ** | **18.96** | **46.85016** |
| എറണാകുളം | ഹൈറേഞ്ച് സർക്കിൾ | കോതമംഗലം | 147.6 | 364.7196 |
| കോട്ടയം | | കോട്ടയം | 121.49 | 300.20179 |
| ഇടുക്കി | | മൂന്നാർ | 1099.65 | 2717.23515 |
| | | മറയൂർ | 0.03 | 0.07413 |
| | | മാങ്കുളം | 358.43 | 885.68053 |
| | | ആകെ | 1727.2 | 4267.9112 |
| തൃശ്ശൂർ | സെൻട്രൽ സർക്കിൾ | ചാലക്കുടി | 0 | 0 |
| എറണാകുളം | | തൃശ്ശൂർ | 147.04 | 363.33584 |
| | | മലയാറ്റൂർ | 129.29 | 319.47559 |
| | | ആകെ | 276.33 | 682.81143 |
| മലപ്പുറം | ഈസ്റ്റേൺ സർക്കിൾ | നിലമ്പൂർ നോർത്ത് | 682.53 | 1686.53163 |
| പാലക്കാട് | | നിലമ്പൂർ സൗത്ത് | 2.11 | 5.21381 |
| | | പാലക്കാട് | 190.58 | 470.92318 |
| | | മണ്ണാർക്കാട് | 2700.34 | 6672.54014 |
| | | നെന്മാറ | 244.19 | 603.39349 |
| | | **ആകെ** | **3819.73** | **9438.55283** |
| കോഴിക്കോട് | നോർത്തേൺ സർക്കിൾ | കോഴിക്കോട് | 10.4 | 25.6984 |
| വയനാട് | | വയനാട് സൗത്ത് | 1369.29 | 3383.51559 |
| കണ്ണൂർ | | വയനാട് നോർത്ത് | 369.74 | 913.62754 |
| കാസർഗോഡ് | | കണ്ണൂർ | 11.02 | 27.23042 |
| | | കാസർഗോഡ് | 0 | 0 |
| | | **ആകെ** | **1760.45** | **4350.07195** |
| കോട്ടയം | ഫീൽഡ് ഡയറക്ടർ, കോട്ടയം | പെരിയാർ ഈസ്റ്റ് | 0.0061 | 0.0150731 |
| ഇടുക്കി | | ഇടുക്കി | 5.4 | 13.3434 |
| | | **ആകെ** | **5.4061** | **13.3584731** |
| തൃശ്ശൂർ | വൈൽഡ് ലൈഫ് സർക്കിൾ, പാലക്കാട് | പീച്ചി | 193.02 | 476.95242 |
| വയനാട് | | വയനാട് | 0 | 0 |
| കണ്ണൂർ | | ആറളം | 0 | 0 |
| | | **ആകെ** | **193.02** | **476.95242** |
| | **ആകെ** | | **7801.1** | **19276.5181** |

| | | | |
|---|---|---|---|
| (ഡി) | വനഭൂമി കൈയ്യേറ്റം ചെറുക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ? | (ഡി) | വനഭൂമി കയ്യേറ്റം ചെറുക്കുന്നതിന് സമഗ്രമായ നടപടികൾ സ്വീകരിച്ചു വരുന്നു. വനസംരക്ഷണത്തിനും, വനപരിപാലനത്തിനുമായി വനാതിർത്തി സർവ്വേ, ജണ്ട നിർമ്മാണം, ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കൽ, റിസർവ്വല്ലാത്ത വനഭൂമികളും അതീവ പാരിസ്ഥിതിക പ്രാധാന്യമുള്ള ഭൂമികളും റിസർവ്വ് വനമായി പ്രഖ്യാപിക്കൽ, പുതുതായുള്ള കൈയ്യേറ്റം ഉടൻ ഒഴിപ്പിക്കൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരുടെ സർവ്വേ ട്രെയിനിംഗ്, തുടങ്ങിയ നടപടികൾ നടപ്പിലാക്കിവരുന്നു. |

**സെക്ഷൻ ഓഫീസർ**